LIBRARY ARCHIVES Kerala Legislative Assembly

മലമ്പുഴയിലേക്കുള്ള ജലസ്രോതസ്സുകളുടെ ഗതിമാറ്റൽ

45 [202] ശ്രീ. വി. കെ ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലമ്പുഴയിലേക്കുള്ള ജലസ്രോതസ്സുകൾ തമിഴ്നാട് തടഞ്ഞ് ഗതിമാറ്റിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മലമ്പുഴ ഡാമിലേക്കുള്ള എത്ര അരുവികളുടെ ഗതി മാറ്റിയിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്; എങ്കിൽ അവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഇക്കാര്യത്തിൽ തമിഴ്നാട് ജലസേചന വകുപ്പുമായി ചർച്ചകൾ വല്ലതും നടത്തിയിട്ടുണ്ടോ; എങ്കിൽ ചർച്ചയുടെ വിശദാംശം വ്യക്തമാക്കാമോ;

(ഡി) അനധികൃതമായി തമിഴ്നാട് നിർമ്മിച്ച തടയണകൾ പൊളിച്ചുമാറ്റുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചുവരുന്നുണ്ടോ; ഇത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മലമ്പുഴ പദ്ധതിയുടെ ജലസ്രോതസ്സുകളിൽ ഒന്നായ ഒന്നാം പുഴയിലേക്ക് എത്തിച്ചേരേണ്ടിയിരുന്ന ഒരു നീരൊഴുക്ക് താൽക്കാലിക തടസ്സം സൃഷ്ടിച്ച് ഗതിമാറ്റിയതായി കണ്ടെത്തിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) തടയണ നിർമ്മിച്ചിരിക്കുന്നത് കേരളാതിർത്തിക്കുള്ളിലാണോ എന്ന് നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല. അതിർത്തി നിർണ്ണയിച്ച ശേഷം കേരളാതിർത്തിക്കുള്ളിലാണെങ്കിൽ പൊളിച്ചുമാറ്റാൻ നടപടി സ്വീകരിക്കുന്നതാണ്.

മലമ്പുഴയിൽ നിന്നും തമിഴ്നാട് വെള്ളം ചോർത്തിയത് സംബന്ധിച്ച് നടത്തിയ അന്വേഷണം

46 [203] ശ്രീ. എ. പി. അനിൽകുമാർ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
,, കെ. എ. ചന്ദ്രൻ :
,, സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലമ്പുഴയിൽ നിന്ന് തമിഴ്നാട് വെള്ളം ചോർത്തുന്നുണ്ടോ;

(ബി) ഇത് സംബന്ധിച്ച് പ്രാഥമികാന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത അന്വേഷണ സംഘത്തിൽ ആരെല്ലാമുണ്ടായിരുന്നു;

(ഡി) പ്രസ്തുത അന്വേഷണത്തിൽ കണ്ടെത്തിയ കാര്യങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) ഏതെല്ലാം നീരൊഴുക്കുകളാണ് മലമ്പുഴ ക്യാച്ച്മെന്റ് ഏരിയയിൽ നിന്ന് തടയണ കെട്ടി തമിഴ്നാട്ടിലേക്ക് തിരിച്ചുവിട്ടിട്ടുള്ളത്;

(എഫ്) ഈ തടയണകളിലെ വെള്ളം തമിഴ്നാട്ടിലേക്കെത്തിക്കുവാൻ തമിഴ്നാട് ചാലുകൾ നിർമ്മിച്ചിട്ടുണ്ടോ;

(ജി) പ്രാഥമികാന്വേഷണം സംബന്ധിച്ച റിപ്പോർട്ടിലെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ മലമ്പുഴ പദ്ധതിയുടെ സ്രോതസ്സുകളിൽ ഒന്നായ ഒന്നാം പുഴയിലേക്ക് എത്തിച്ചേരേണ്ട ഒരു സ്രോതസ്സിൽ താൽക്കാലിക തടസ്സം സൃഷ്ടിച്ച് വെള്ളം തിരിച്ചുവിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ജലസേചനം, വനം, റവന്യൂ, സർവ്വേ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാരുണ്ടായിരുന്നു.

(ഡി) തമിഴ്നാട് അതിർത്തിയിൽ ഒന്നാം പുഴയിലേക്ക് എത്തിച്ചേരേണ്ടിയിരുന്ന സ്രോതസ്സ് കല്ലും മണൽ ചാക്കുകളും കൊണ്ട് താത്കാലിക തടസ്സം സൃഷ്ടിച്ച് മൺചാലുകളിലൂടെ കൊണ്ടുപോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) മേൽ സൂചിപ്പിച്ച ഒന്നാം പുഴയിലേക്കുള്ള നീരൊഴുക്ക് മാത്രമേ തടയണകെട്ടി തിരിച്ചുവിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളൂ.

(എഫ്) മേൽ സൂചിപ്പിച്ച തടയണയിൽ നിന്നും ചാൽ നിർമ്മിച്ചു വെള്ളം കൊണ്ടുപോകുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ജി) ഒന്നാം പുഴയിലേക്കെത്തേണ്ട ജല സ്രോതസ് താല്കാലിക തടയണ കെട്ടി ചാലുകളിലൂടെ തിരിച്ചുകൊണ്ടുപോകുന്നതായി അന്വേഷണത്തിൽ കണ്ടെത്തിയി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുണ്ട്. മേൽ തടയണ കേരള അതിർത്തിക്കുള്ളിലാണോ എന്നു കണ്ടെത്തുന്നതിന് വനം, ജലസേചന, സർവ്വേ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ കർമ്മസമിതി രൂപീകരിച്ച് തമിഴ്നാടുമായി ചേർന്ന് പരിശോധന നടത്താൻ നടപടി എടുത്തുവരുന്നു.

മലമ്പുഴ ഡാമിലേക്ക് ലഭിക്കേണ്ടിയിരുന്ന ജലസ്രോതസ്സുകൾ തമിഴ്നാട് സർക്കാർ തിരിച്ചുവിട്ട നടപടി

47 [204] ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലമ്പുഴ ഡാമുമായി ബന്ധപ്പെട്ട് മലമ്പുഴ ഡാമിലേക്ക് ലഭിക്കേണ്ടിയിരുന്ന ജലസ്രോതസ്സുകൾ തമിഴ്നാട് സർക്കാർ തിരിച്ചുവിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിലൂടെ എത്ര ഘന മീറ്റർ അടിയുടെ കുറവാണ് 2002, 2003, 2004 വർഷങ്ങളിൽ മലമ്പുഴ ഡാമിൽ ഉണ്ടായിട്ടുള്ളത്;

(സി) പ്രസ്തുത പ്രവൃത്തിയിലൂടെ മലമ്പുഴ ഡാമിന്റെ ആയക്കെട്ട് പ്രദേശത്ത് രണ്ടാം വിളയ്ക്ക് ആവശ്യമായ വെള്ളം ലഭിച്ചിട്ടില്ല എന്നുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുകാരണം എത്ര ഹെക്ടർ ഭൂമിയിലാണ് കൃഷിനാശം സംഭവിച്ചിട്ടുള്ളത്; കൃഷിനാശം സംഭവിച്ച കർഷകർക്ക് എന്തെങ്കിലും സാമ്പത്തിക സഹായം നല്കിയിട്ടുണ്ടോ; വിശദവിവരം നല്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തമിഴ്നാട് തിരിച്ചുവിടുന്ന ജലത്തിന്റെ അളവ് കൃത്യമായി കണക്കാക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ വെള്ളത്തിന്റെ അളവിൽ കുറവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് തമിഴ്നാട് വെള്ളം തിരിച്ചുവിട്ടതുകൊണ്ട് മാത്രമായിരിക്കുകയില്ല. മഴയുടെ കുറവു കൂടിയാണ് മുഖ്യകാരണം.

(സി) ഉണ്ട്. മലമ്പുഴയിൽനിന്നും വെള്ളം കിട്ടാത്തതുകൊണ്ട് 19835 ഹെക്ടർ സ്ഥലത്തെ നെൽകൃഷി ഉണങ്ങി നശിച്ചുപോയിട്ടുണ്ട്. കൃഷിനാശം സംഭവിച്ച കർഷകർക്ക് സർക്കാർ പ്രഖ്യാപിച്ച അഞ്ചു കോടി രൂപയിൽ...നും അർഹമായ നഷ്ട പരിഹാരം നല്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly